DIRECTOR SCHEDULED CASTE DEVELOPMENT DEPT.
05 DEC 2018
Thiruvananthapuram

B1 24713/18

# വകുപ്പുതല കണക്കു പരിശോധനാറിപ്പോർട്ട്

## ബ്ലോക്ക് പട്ടികജാതിവികസന ഓഫീസ് കോതമംഗലം.

## എറണാകുളം

| | |
|---|---|
| പരിശോധനാതീയതി | : 19.06.2018 മുതൽ23.06.2018 വരെ |
| പരിശോധനാകാലയളവ് | :01.04.2011 മുതൽ 31.03.2018 വരെ |
| പരിശോധനാവിഭാഗം | :ഫിനാൻസ്.ഡി ആഡിറ്റ് സെക്ഷൻ |
| | :ഫിനാൻസ്.ഇ ആഡിറ്റ് സെക്ഷൻ |
| പരിശോധനാടീമിൽ പങ്കെടുത്തവർ | :1.സുദർശനൻ ആചാരി(സീനിയർ സൂപ്രണ്ട്) |
| | 2.കെ.കെ,പ്രസാദ്(സീനിയർ സൂപ്രണ്ട്) |
| | 3.കെ.കെ.ശ്രീരാജ്.(ക്ളാർക്ക്(ഹ.ഗ്രേഡ്) |
| | 4.~~നിധീഷ്കുമാർ~~ നിധീഷ്.എം.എ (സീനിയർ ക്ലാർക്ക്) |

MB 196 (5) 19.1.19

പരിശോധനാ കാലയളവിൽ ജോലിനോക്കിയിരുന്ന ബ്ലോക്ക് പട്ടികജാതിവികസന ഓഫീസർമാർ

| | |
|---|---|
| 1.ശ്രീ. ടി.എസ്.രാജു. | : 01-04-2011 മുതൽ 16.04.2011 വരെ |
| 2.ശ്രീ. എം.എസ്.സുനിൽ | :16-04-2011 മുതൽ 20-12-2013 വരെ |
| 3.ശ്രീമതി.ദീപാജോർജ്ജ് | : 20.12.2013 മുതൽ 31-08-2016 വരെ |

**ശ്രീമതി.ദീപാജോർജ്ജ് 01-09 2016 ന് മരണപ്പെട്ടു**

| | |
|---|---|
| 4.ശ്രീ.വിജിരാജ്.എം.ആർ | :06-09-2016 മുതൽ 17-09-2016 വരെ |
| 5.ശ്രീമതി.ബിന്ദു.എസ്. | :17-09-2016 മുതൽ 29-12-2017 വരെ |
| 6.ശ്രീമതി.ടി.എ.റസീന | : 29-12-2017 മുതൽ തുടരുന്നു. |

01.04.2011 മുതൽ 31.03.2018 വരെ ഫിനാൻസ് ഡി&ഇ വിഭാഗം സംയുക്തമായി നടത്തിയ പരിശോധനാറിപ്പോർട്ട് ചുവടെ ചേർക്കുന്നു.

### ആമുഖം

### (എ)-വകുപ്പുതല പരിശോധന.

01-01-2007 മുതൽ 31-03-2011 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ വകുപ്പുതല പരിശോധനാവിഭാഗം(ഫിൻ.സി) നടത്തിയിട്ടുണ്ട്.ഈ പരിശോധന സംബന്ധിച്ചറിപ്പോർട്ട് 11-07-2012 ന് ബി1.17225/12 പ്രകാരം നല്കിയതിന്റെ അടിസ്ഥാനത്തിൽ23-05-2015 ൽ

പ്രാഥമിക മറുപടിയും ശേഷിക്കുന്നവയ്ക്കുള്ള മറുപടി 06-10-2015 ലും നൽകിയിട്ടുണ്ട്. 07-12-2015 ലെ അദാലത്തിൽ ഈ ഓഡിറ്റ് സംബന്ധിച്ച എല്ലാ തടസ്സങ്ങളും നീക്കി ഫയലിലെ നടപടി അവസാനിപ്പിച്ചതായും കാണുന്നു.

**(ബി) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന സംബന്ധിച്ച്.**

01-01-2016 മുതൽ30-11-2016 വരെയുള്ള കാലയളവ് ഏ.ജി പരിശോധനാവിധേയമാക്കിയിട്ടുണ്ട്.OA(HQ)IV/11/12-173/16-17/715 പ്രകാരംലഭിച്ച ആഡിറ്റ് റിപ്പോർട്ടിന് KM.8/16 dtd.19-04-2017 പ്രകാരം മറുപടിനല്കിയിട്ടുണ്ട്. ഈ മറുപടി അംഗീകരിച്ച് തീർപ്പാക്കിയതായി കാണുന്നില്ല.

മുൻ ഓഡിറ്റുകളുടെ ധാരാളം ഖണ്ഡികകൾ തീർപാപാക്കാനുള്ളതായും കാണുന്നു.

1. OA(HQ)II/IV/12-349/12-13/--part.II B para I.

2OA(HQ)II/IV/12-196/13-14/--part.II B para I.

3.OA(HQ)II/IV/12-285/14-15/--part.II B para I.

4.OA(HQ)II/IV/12-210/15-16/--part.II B para III.

ഈ ഖണ്ഡികകളുടെ മറുപടിനല്കിയ വിവരം 2016-17 ലെ ഓഡിറ്റ് മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇതുസംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.ഇതിൻമേലുള്ള പുരോഗതി റിപ്പോർട്ടുചെയ്യേണ്ടതാണ്.

**ഫീൽഡ് പരിശോധന സംബന്ധിച്ച്.**

സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ.എം.മുഹമ്മദ് ഹാരിസിന്റെ നേതൃത്ത്വത്തിൽ ഫീൽഡ് പരീശോധനത്തുകയുണ്ടായി.ഇതുസംബന്ധിച്ച വിവരണം ചുവടെ ചേർക്കുന്നു.

**എ. നഴ്സറിസ്കൂൾ:** കോതമംഗലം ബ്ലോക്ക് പട്ടികജാതിവികസനഓഫീസിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന നഴ്സറിസ്കൂളിൽ നിലവിൽ 18 കുട്ടികൾ പഠിക്കുന്നു.12 എസി വിഭാഗവും,6 ഇതരവിഭാഗത്തിൽ പ്പെട്ടകുട്ടികളും .വളരെ നല്ലനിലയിൽ പരിപാലിക്കുന്ന ഒരുസ്ഥാപനമാണെന്ന് കാണുന്നു.കുട്ടികൾക്കിരിക്കാൻ മേശയും കസേരയുമുണ്ട്.മുറ്റം ടൈൽസ്പാകി വൃത്തിയാക്കിയിട്ടുണ്ട്.പരിസര ശുചിത്വം പാലിക്കുന്നതിൽവളരെ ശ്രദ്ധിക്കുന്നുണ്ട്.കുട്ടികൾ വൃത്തിയുള്ള വസ്ത്രങ്ങൾധരിച്ച് സന്തോഷവാൻമാരായി കാണുന്നു.സ്ഥാപനത്തെക്കുറിച്ച് നല്ല അഭിപ്രായം രേഖപ്പെടുത്തുന്നു.

**ബി.വിജ്ഞാൻവാടി:** ഫീൽഡ് പരീശോധനയുടെ ഭാഗമായി കോട്ടപ്പടി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള വിജ്ഞാനവാടി സന്ദർശിച്ചു.പണിപൂർത്തിയായി വൈദ്യുതി ലഭിച്ചിട്ടുണ്ട്.കമ്പ്യൂട്ടർ,ഫർണിച്ചർ,പുസ്തകങ്ങൾ എന്നിവവാങ്ങി [illegible] ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.കമ്മിറ്റി രൂപീകരിച്ചതായി കാണുന്നില്ല. വിജ്ഞാനവാടി പ്രവർത്തനസജ്ജമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**സി.അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി:**കോതമംഗലം നിയോജകമണ്ഡലത്തിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിൽ ആണ് നിർദ്ദിഷ്ട പദ്ധതി. ഫീൽഡ് പരിശോധനയുടെ ഭാഗമായി ഇവിടം സന്ദർശിച്ചു. കമ്മിറ്റികൾകൂടി എസ്റ്റിമേറ്റ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റവെയറിലേക്ക് കൺവെർട്ട് ചെയ്യുന്നതിൽ നിർമ്മാണ ഏജൻസിയായ എഫ്.ഐ.റ്റി.യ്ക്ക് ഉണ്ടായ കാലതാമസം നിർമ്മാണംവൈകാൻ കാരണമാകുന്നുണ്ട്.ജലസേചനം,റോഡ്,സംരക്ഷണഭിത്തി,സോളാർലൈറ്റ് എന്നിവയ്ക്കാണ് എസ്റ്റിമേറ്റിൽ തുക വകകൊള്ളിച്ചിരിക്കുന്നത്.നിർമ്മാണപുരോഗതി അറിയിക്കേണ്ടതാണ്.

**ഡി.കോർപ്പസ് ഫണ്ട് വിനിയോഗം:** കോതമംഗലം നിയോജകമണ്ഡലത്തിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിൽ കുളത്തുകുഴിയിൽ 6,90,000/-രൂപ കോർപ്പസ്ഫണ്ടിൽനിന്നുംചെലവാക്കി നിർമ്മിച്ച കോൺക്രീറ്റ് റോഡ് സന്ദർശിച്ച് ബോധ്യപ്പെട്ടു.

**ഇ.ഭൂരഹിതപുനരധിവാസം.:** ഫീൽഡ് പരിശോധനയുടെ ഭാഗമായി ഭൂമി വാങ്ങാൻ ധനസഹായം അനുവദിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ സ്ഥലങ്ങൾ സന്ദർശിച്ചു

1.അനി രമേശ്,പാറമ്പാലിൽ വീട്,കോട്ടപ്പാടി,

2.വിനിത.കെ.ടി,കരിപ്പാമറ്റം,കോട്ടപ്പാടി,

3.ശിവരാജൻ.വി.കെ,പാടോട്ടുമാലി,കോട്ടപ്പാടി,

4.രമണി.ഇ.സി,നാടിയോടിമോളത്ത്,-ടി ഗുണഭോക്താക്കൾ വാങ്ങിയ സ്ഥലങ്ങൾ ഭവന നിർമ്മാണത്തിന് അനുയോജ്യമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

**എഫ്.ഭവന നിർമ്മാണ പദ്ധതി.:** ഫീൽഡ് പരിശോധനയുടെ ഭാഗമായി ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ചു.ടി ഭവനങ്ങൾ വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി നിർമ്മിച്ചിട്ടുള്ളവയാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

1.അനി രമേശ്,പാറമ്പാലിൽ വീട്,കോട്ടപ്പാടി,

2.ഇബിൻകുമാർ,കരിപ്പാമറ്റംപാട്ടത്തിക്കുടി,കോട്ടപ്പാടി,

3.മഞ്ജുശിവൻ,കുറുംകുളം,ഐവർപ്പാടം,

4.അജിത്കുമാർ.പി.കെ,പുത്തൻപുരയിൽ,ഐവർപ്പാടം.

പാർട്ട് II

**1.ക്യാഷ് ബുക്കുംഅനുബന്ധ രേഖകളും.**

**1.ബിൽബുക്കും,ക്യാഷ് ബുക്കും.**

1.എല്ലാ സാമ്പത്തിക ഇടപാടുകളും അവ നടന്നാൽ ഉടൻതന്നെ ക്യാഷ്ബുക്കിൽ കാണിക്കേണ്ടതും ആയത് പരിശോധിച്ചതിന്റെ തെളിവിലേക്കായി ഓഫീസ്തലവൻ സാക്ഷ്യപ്പെ

ടുത്തേണ്ടതുമാണ്.എന്നാൽ ടി ഓഫീസിലെ ക്യാഷ്ബുക്ക് വാല്യം നം.7 ലെ വരവ്-ചെലവുകൾ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.വിശദീകരണം നൽകേണ്ടതാണ്.[Rule 92 (a)(ii)of KTC Vol.I]

2.എല്ലാ പ്രവർത്തി ദിവസവും ക്യാഷബുക്കിൽ Memmorandum of Varification രേഖപ്പെടുത്തേണ്ടതാണ്.സാമ്പത്തിക ഇടപാടുകൾ ഇല്ലാത്ത ദിവസങ്ങളിൽ ടി വിവരം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്യാഷ്ബുക്ക് വാല്യം 7 ൽ 08-04-2011 ന് ശേഷം 11-04-2011 ലെ രേഖപ്പെടുത്തലുകളണ് വരുത്തിയിരിക്കുന്നത്.11-04-2011 ന് ശേഷം 18-04-2018 ലേയും 20-04-2011 ന് ശേഷം 06-05-2011 ലേയും കണക്കുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്.വിശദീകരണം നൽകേണ്ടതാണ്.
[Rule 131 (a)of KTC Vol.I].

3. Art 336 of KFC Vol.I, Rule 210(c)of KTC Vol.I,Rule 92(a)(vi)of KTC Vol.I പ്രകാരം ക്യാഷ്ബുക്കിൽ /ബിൽബുക്കിൽ വെട്ടിത്തിരുത്തലുകൾ,ഓവർറൈറ്റിങ്ങ്,വൈറ്റ്നർ ഉപയോഗം എന്നിവ കർശനമായി നിരോധിച്ചിട്ടുള്ളതാണ്.എന്നാൽ ഇവിടെ ക്യാഷ്ബുക്കിൽ /ബിൽബുക്കിൽ വെട്ടിത്തിരുത്തലുകൾ,ഓവർറൈറ്റിങ്ങ്,വൈറ്റ്നർ ഉപയോഗം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. .ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ടുചെയ്യേണ്ടതും,അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.(ഉദാ-ക്യാഷ്ബുക്ക് വാല്യം.7 പേജ് നം.8, വാല്യം.8 പേജ് നം.60, ഉദാ-ക്യാഷ്ബുക്ക് വാല്യം.7 പേജ് നം.46,66,67, ഉദാ-ക്യാഷ്ബുക്ക് വാല്യം.8 പേജ് നം.33,69. ഉദാ-ക്യാഷ്ബുക്ക് വാല്യം.9 പേജ് നം.75,)

4. CB No.719/12-13 തീയതി 13-08-2012 ബിൽ പ്രകാരം 13,50,000/- രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു.എന്നാൽ ട്രഷറി ഓഫീസർ 1,35,000/- രൂപ മാത്രമാണ് പാസ്സാക്കിയിട്ടുള്ളത്.ട്രഷറിയുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

5. . CB No.68/13-14 തീയതി 06-02-2014 ബിൽ പ്രകാരം 15,000/- രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു.എന്നാൽ ട്രഷറി ഓഫീസർ 15,00,000/- രൂപ പാസ്സാക്കിയിട്ടുള്ളായി ബിൽബുക്ക് 10(b)കോളത്തിൽ രേഖപ്പെടുത്തി ഒപ്പ് വച്ചിരിക്കുന്നു.ട്രഷറിയുമായി ബന്ധപ്പെട്ട് അപാകത പരിഹരിക്കേണ്ടതാണ്.

6.ബിൽ നം. PB No.1697/16-17 പ്രകാരം 05-12-2016 ന് ട്രഷറിയിൽനിന്നും 52,410/- രൂപ തേർച്ചചെയ്തതായി കാണുന്നു.എന്നാൽ 05-12-2016 ലെ ക്യാഷ്ബുക്കിൽ 60,711/- രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.അധികമുള്ള 8301/- രൂപ എപ്രകാരം ക്രമീകരിച്ചെന്ന് വ്യക്തമാക്കേണ്ടതാണ്.

7. .ബിൽ നം. PB No.1674/16-17 പ്രകാരം 05-12-2016 ന് ട്രഷറിയിൽനിന്നും 44,728/- രൂപ തേർച്ചചെയ്തതായി കാണുന്നു.എന്നാൽ 05-12-2016 ലെ ക്യാഷ്ബുക്കിൽ 44,720/- രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.8/- രൂപ കുറച്ച് വരവ് വയ്ക്കുവാനുണ്ടായ സാഹചര്യവും,ടിതുക എപ്രകാരം ക്രമീകരിച്ചെന്ന് വ്യക്തമാക്കേണ്ടതുമാണ്.

8.ബിൽ നം. PB No.1910/16-17 പ്രകാരം 04-01-2017 ന് ട്രഷറിയിൽനിന്നും 46,328/- രൂപ തേർച്ചചെയ്തതായി കാണുന്നു.എന്നാൽ 04-01-2017 ലെ ക്യാഷ്ബുക്കിൽ 47,578/- രൂപ യാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.അധികമുള്ള 1250/- രൂപ എപ്രകാരം ക്രമീകരി ച്ചെന്ന് വ്യക്തമാക്കേണ്ടതാണ്.

9.ബിൽനമ്പർ. CB No.2318/16-17 പ്രകാരം 32500/- രൂപയുടെ ബില്ല് നൽകിയെങ്കിലും 32,500/- രൂപ എന്ന് എഴുതിയശേഷം തുകയുടെ മുകളിലൂടെ Objection എന്ന് എഴുതി യിരിക്കുന്നു.എന്നാൽഈ തുക പാസ്സാക്കിയതായി ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തി യിട്ടുണ്ട്.14-02-2017 ൽ ബിൽബുക്കിന്റെ 11 കോളത്തിൽ 14-02-2017 എന്ന തീയതി രേഖ പ്പെടുത്തി 13-ാം കോളത്തിൽ എസ്.സി.ഡി.ഒ യും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.(2016-17 ബിൽബുക്ക് സീരിയൽ നമ്പർ 114)

സമാനരീതിയിൽ ബിൽബുക്കിലെ സീരിയൽ നമ്പർ 121 ലും 32,500/- രൂപ പാസ്സാക്കിയ തായി ട്രഷറി ഓഫീസറും എസ്.സി.ഡി.ഒ യും തീയതിവച്ച് സാക്ഷ്യപ്പെടുത്തിയിരിക്കു ന്നു.ഒരേ ബില്ല് രണ്ട്തവണ മാറിയതായി കാണുന്നു.കൂടാതെ ക്യാഷ്ബുക്കിൽ രണ്ട്ത വണ വരവ് രേഖപ്പെടുത്തിയിട്ടുമുണ്ട്.

14-02-2017 ലെ Bims Statement പ്രകാരം 32,500/- രൂപ ഒരുതവണമാത്രമാണ് മാറിയിരി ക്കുന്നത് .വിശദീകരണം നൽകേണ്ടതാണ്.

10. .ബിൽ നം. Estt. No.804/17-18 പ്രകാരം 07-08-2017 ന് ട്രഷറിയിൽനിന്നും 28,659/- രൂപ തേർച്ചചെയ്തതായി കാണുന്നു.എന്നാൽ 07-08-2017 ലെ ക്യാഷ്ബുക്കിൽ 36,798/- രൂപ യാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.അധികമുള്ള 8139/- രൂപ എപ്രകാരം ക്രമീകരി ച്ചെന്ന് വ്യക്തമാക്കേണ്ടതാണ്.

11. .ബിൽ നം. Estt. No.839/17-18 പ്രകാരം 07-08-2017 ന് ട്രഷറിയിൽനിന്നും 53,656/- രൂപ തേർച്ചചെയ്തതായി കാണുന്നു.എന്നാൽ 07-08-2017 ലെ ക്യാഷ്ബുക്കിൽ 55,086/- രൂപ യാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.അധികമുള്ള 1430/- രൂപ എപ്രകാരം ക്രമീകരി ച്ചെന്ന് വ്യക്തമാക്കേണ്ടതാണ്.

12.ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം മാറിയ തുകകൾ ക്യാഷ്ബുക്കിൽ വരവും ചെലവും രേഖപ്പെടുത്തിക്കാണുന്നില്ല.

| ക്രമ.നം | ബിൽനമ്പറും തീയതിയും | തുക |
|---|---|---|
| 1 | CB No.2552/16-17 dtd 03-03-2017 | 48,868/- |
| 2 | PB No.2555/16-17 dtd 03-03-2017 | 74,799/- |
| 3 | CB No.12587/17-18 dtd 10-01-2018 | 18,35,000/- |
| 4 | PB No.12588/17-18 dtd 10-01-2018 | 1,35,000/- |
| 5 | PB No.12589/17-18 dtd 10-01-2018 | 2,85,000/- |
| 6 | PB No.2049/17-18 dtd 10-01-2018 | 1,80,000/ |
| 7 | CB No.1989/17-18 dtd 12-01-2018 | 11,25,000/- |

ട്രഷറിയിൽനിന്നും തേർച്ചചെയ്ത തുകകൾ ക്യാഷ്ബുക്കിൽ വരവും ചെലവും രേഖപ്പെടുത്താതിരുന്നതുസംബന്ധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

13.ക്യാഷ്ബുക്ക് പ്രകാരം താഴെപ്പറയുന്ന തീയതികളിലെ ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ/അക്വിറ്റൻസുകൾ ലഭ്യമായില്ല.ആയത് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നം | തീയതി | തുക |
|---|---|---|
| 1 | 20-04-2011 | 100/- |
| 2 | 21-05-2011 | 950/- |
| 3 | 11-07-2011 | 13,340/- |
| 4 | 17-08-2011 | 2,500/- |
| 5 | 07-09-2011 | 5,250/- |
| 6 | 22-09-2011 | 600/- |
| 7 | 22-09-2011 | 400/- |
| 8 | 16-10-2011 | 900/- |
| 9 | 16-10-2011 | 324/- |
| 10 | 16-10-2011 | 1,000/- |
| 11 | 16-10-2011 | 210/- |
| 12 | 16-10-2011 | 8,500/- |
| 13 | 16-10-2011 | 620/- |
| 14 | 06-06-2012 | 212/- |
| 15 | 06-06-2012 | 538/- |

**2.അക്വിറ്റൻസ് -ജീവനക്കാര്യം.**

1.പരിശോധനാകാലയളവിലെ അക്വിറ്റൻസ് എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.രജിസ്റ്ററിലെ പലരേഖപ്പെടുത്തലുകളും വൈറ്റ്നർ ഉപയോഗിച്ച് മായ്ച്ചിട്ടുള്ളതായി കാണുന്നു.ഒരു ബിൽ പ്രകാരമുള്ളതുക വത്യസ്ത തീയതികളിൽ വിതരണം നടത്തുമ്പോൾ വിതരണസംക്ഷിപ്തം എഴുതിസൂക്ഷിച്ചിട്ടില്ല.ടി ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. .ബിൽ നം. EB No.1993/16-17 പ്രകാരം 17-01-2017 ന് ട്രഷറിയിൽനിന്നും തേർച്ചചെയ്ത 82,571/- രൂപ ബന്ധപ്പെട്ട ജീവനക്കാരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ്ചെയ്തതിന്റെ Bim സ്റ്റേറ്റ്മെന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. അക്വിറ്റൻസിൽ തുകമാറിയ തീയതി രേഖപ്പെടുത്തി എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.സമാനരീതിയിൽ കൂടുതൽബില്ലുകൾ കൈകാര്യം ചെയ്തതായി കാണുന്നു.

ഉദാ:-1. .ബിൽ നം. EB No.2185/16-17 തുക.78,955/-

2. .ബിൽ നം. EB No.2555/16-17 തുക.74,999/-

**3.അക്വിറ്റൻസ്-നഴ്സറി.**

1.പരിശോധനാകാലയളവിലെ രജിസ്റ്റർ ഒ പേജ്നമ്പർ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയും Rule 432(d) of KTC Vol.I പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിഎസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

2. .ബിൽ നം. PB No.12/16-17പ്രകാരം 04-01-2017 ന് ട്രഷറിയിൽനിന്നും 46,328/- രൂപ തേർച്ചചെയ്തതായി കാണുന്നു.എന്നാൽ 04-01-2017 ലെ ക്യാഷ്ബുക്കിൽ 47,578/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്.1250/- രൂപ അധികം നൽകിയതായി ക്യാഷ്ബുക്കിൽ ചെലവുരേഖപ്പെടുത്തിയിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

3. ട്രഷറിയിൽനിന്നുംതേർച്ചചെയ്തതുകകളേക്കാൾകൂടുതൽതുക വിതരണംനടത്തിയതായി ക്യാഷ്ബുക്കിൽ ചെലവു കാണിച്ചിരിക്കുന്നു.

(എ). .ബിൽ നം. PB No.839/17-18 തീയതി 07-08-2017 തുക .53,686/- .അക്വിറ്റൻസ്പ്രകാരം 07-08-2017 ന് 53,686/- രൂപ വിതരണംചെയ്തു.ക്യാഷ്ബുക്കിൽ ടി തീയതിയിൽ 55,086/- രൂപയാണ് ചെലവു കാണിച്ചിട്ടുള്ളത്.

(ബി). .ബിൽ നം. PB No.1504/17-18 തീയതി 06-10-2017 തുക .53,686/- .അക്വിറ്റൻസ്പ്രകാരം 06-10-2017 ന് 53,686/- രൂപ വിതരണംചെയ്തു.ക്യാഷ്ബുക്കിൽ ടി തീയതിയിൽ 55,086/- രൂപയാണ് ചെലവു കാണിച്ചിട്ടുള്ളത്.ഇതുസംബന്ധിച്ച് വിശദീകരണംനൽകേണ്ടതാണ്.

**4.അക്വിറ്റൻസ്-എസ്.സി.പ്രമോട്ടേഴ്സ്.**

1.06/2004 മുതലുള്ള അക്വിറ്റൻസിൽ പേജ് സർട്ടിഫിക്കറ്റ് എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല..Rule 432(d) of KTC Vol.Iപ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിഎസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.ബിൽനമ്പർ,Gross,Netതുകകൾ.തേർച്ചചെയ്ത തീയതി,വിതരണംചെയ്ത തീയതി,വിതരണ സംക്ഷിപ്തം എന്നിവക്രമമായി രേഖപ്പെടുത്തുന്നില്ല.മേൽ ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

2.ബാങ്ക്മുഖേന തുക വിതരണംനടത്തുന്ന സാഹചര്യത്തിൽ Bims ൽനിന്നും Credit confirmation Data യുടെ പകർപ്പ് എടുത്ത് രജിസ്റ്ററിൽ പതിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. [ GO(p)138/2016/Fin dtd 23-09-2016]-01-10-2016 മുതൽ ടി ഉത്തരവിലെ നിർദ്ദേശം ബാധകമാണ്.

**5.അക്വിറ്റൻസ്-അപ്രന്റിസ് ക്ലാർക്ക്,ഡെയ്‌ലി വേജസ്.**

1. അക്വിറ്റൻസിൽ പേജ് സർട്ടിഫിക്കറ്റ് എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല..Rule 432(d) of KTC Vol.Iപ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിഎസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.ബിൽനമ്പർ,Gross,Netതുകകൾ,തേർച്ചചെയ്ത തീയതി.വിതരണംചെയ്ത തീയതി,വിതരണ സംക്ഷിപ്തം എന്നിവക്രമമായി രേഖപ്പെടുത്തുന്നില്ല.മേൽ ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

2.ബാങ്കുമുഖേന തുക വിതരണംനടത്തുന്ന സാഹചര്യത്തിൽ Bims ൽനിന്നും Credit confirmation Data യുടെ പകർപ്പ് എടുത്ത് രജിസ്റ്ററിൽ പതിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. [ GO(p)138/2016/Fin dtd 23-09-2016]-01-10-2016 മുതൽ ടി ഉത്തരവിലെ നിർദ്ദേശം ബാധകമാണ്.

**6.ചെലാൻ ഫയൽ.**

1.ചെലാനുകളും,പണംപറ്റ് രസീതുകളും ഒരുമിച്ച് ഫയൽചെയ്ത് സൂക്ഷിക്കുന്നു.ഇത് ശരിയായ രീതിയല്ല.ചെലാൻഫയൽ പ്രത്യേകം പരിപാലിച്ച് ചെലാനുകൾ തീയതി ക്രമത്തിൽ ഫയൽചെയ്ത് സൂക്ഷിക്കേണ്ടതാണ്.

2.ക്യാഷ്ബുക്ക്പ്രകാരം ചെലാൻനമ്പർ 28 തീയതി 28-10-2011 പ്രകാരം 501/- രൂപ തിരിച്ചടച്ചതായി കാണുന്നു.എന്നാൽ ടി ചെലാൻ പരിശോധനക്ക് ലഭ്യമായിട്ടില്ല.ആയത് കണ്ടെത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്

**7.TR.5 രശീതി/സ്റ്റോക്ക് രജിസ്റ്റർ.**

പഴയരീതിയിയിലുള്ള TR.5 രശീതിയാണ് ഈ ഓഫീസിൽ നിലവിൽ സൂക്ഷിച്ചിട്ടുള്ളത്. ബുക്ക്നം.1 രസീത് നം 18 തീയതി 15-03-2007 വരെ മാത്രമേ ഉപയോഗിച്ചിട്ടുള്ളു.രസീത് നം 18 ന് ശേഷമുള്ള രസീതുകൾ റദ്ദ്ചെയ്യേണ്ടതും ജി.ഒ(പി) നം.27/2010/ഫിൻ തീയതി 18-02-2010 പ്രകാരം നടപ്പിലാക്കിയിട്ടുള്ള Centralised Numbering System ഉള്ള TR.5 രസീത് ലഭ്യമാക്കി സ്റ്റോക്ക്രജിസ്റ്റർ പരിപാലിച്ച് ഉപയോഗിക്കേണ്ടതാണ്.

**8.അക്വിറ്റൻസ്.(ചികിത്സാധനസഹായം).**

1.രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

2.ടി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഉത്തരവുകൾ പ്രകാരം അനുവദിച്ച തുകകളിൽ വിതരണത്തിനുശേഷം നീക്കിയിരിപ്പ് വന്നിട്ടുള്ളതായി കാണുന്നു.ആയത് എപ്രകാരം ചെലവഴിച്ചു എന്നത് സംബന്ധിച്ച വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം | ഉത്തരവ് നം. | തീയതി. | ആകെ തുക | നീക്കിബാക്കി. |
|---|---|---|---|---|
| 1 | ജി.5-4734/11 | 08-06-2011 | 8000/- | 4000/- |
| 2 | ജി.5-4734/11 | 19-07-2011 | 1,61,000/- | 11,000/- |
| 3 | ജി.5-4734/11 | 20-08-2011 | 18,500/- | 4000/- |
| 4 | ജി.5-7058/11 | 22-09-2011 | 1,00,000/- | 23,000/- |
| 5 | ജി.5-4886/12 | 28-03-2013 | 20,000/- | 20,000/- |
| 6 | ജി.5-5269/13 | 20-04-2011 | 65,000/- | 5000/- |
| | | | ആകെ | 63,000/- |

ടി തുകകൾ എപ്രകാരം വിതരണംചെയ്തു എന്നത് സംബന്ധിച്ച വ്യക്തമായവിശദീകരണം നൽകേണ്ടതാണ്.

3.12-10-2009 മുതൽ രജിസ്റ്റർ പേജ് നംമ്പർ 118 മുതലുള്ള തുക വിതരണവുമായി ബന്ധപ്പെട്ട ബിൽനംമ്പർ,തുകമാറിയ തീയതി വിതരണസംക്ഷിപ്തം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ ക്യാഷ്ബുക്കുമായി പൂർണ്ണമായും ഒത്തുനോക്കുവാൻകഴിഞ്ഞിട്ടില്ല.ടി തുകയുടെവിതരണം പരിശോധിച്ച് വിതരണസംക്ഷിപ്തം ഉൾപ്പെടെയുള്ള എല്ലാരേഖപ്പെടുത്തലുകളും ഉൾപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**9.അക്വിറ്റൻസ്.(ഭൂരഹിത പുനരധിവാസം).**

1.രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

2. CB No.83/13-14 ബിൽപ്രരമുള്ളതുകയിൽ 6,50,000/- രൂപ 17-03-2014 ൽ വിതരണംചെയിട്ടുള്ളതായി കാണുന്നു.എന്നാൽ ക്യാഷ്ബുക്കിൽ 8,00,000/- രൂപയാണ് ചെലവ് കാണിച്ചിരിക്കുന്നത്.1,50,000/- അധികമായി ചെലവുകാണിച്ചിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

3.ക്യാഷ്ബുക്ക്പ്രകാരം 21-02-2014 ൽ 9,50,000/- രൂപയും 1,50,000/- രൂപയും ഉൾപ്പെടെ ആകെ 11,00,000/-രൂപ ചെലവ് കാണിച്ചിരിക്കുന്നു. എന്നാൽ രജിസ്റ്ററിൽ 9,50,000/- മാത്രം വിതരണംചെയ്തതായി കാണിച്ചിരിക്കുന്നുന്നു.1,50,000/- രൂപ യുടെ ചെലവുസംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

**10.അക്വിറ്റൻസ്(പദ്ധതി ആനുകൂല്യ വിതരണം).**

1.രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

2. .ബിൽനമ്പർ. CB No.30/13-14 തീയതി 30- 08- 2013 പ്രകാരം ടോയിലറ്റ്ഗ്രാന്റ് ഇനത്തിൽമാറിയ 5,05,000/- രൂപയുടെ വിതരണം പരിശോധിച്ചതിൽ ശ്രീമതി.പി.റ്റി .ഭാരതി. പ്ലാമുടിഎന്ന ഗുണഭോക്താവിന് 5000/- രൂപ അനുവദിച്ചതായി കാണുന്നു.എന്നാൽ ടിയാൾ തുക ഒപ്പിട്ട് കൈപ്പറ്റിയതായി കാണുന്നില്ല.വിശദീകരണം നൽകേണ്ടതാണ്.

3. CB No.65/13-14 തീയതി 20- 01- 2014പ്രകാരം ടോയിലറ്റ്ഗ്രാന്റ് ഇനത്തിൽമാറിയ 26,70,000/- രൂപയുടെ വിതരണ സംക്ഷിപ്തവും . CB No.71/13-14 തീയതി 12- 02- 2014 പ്രകാരം മാറിയ 7,77,500/- രൂപയുടെ വിതരണ സംക്ഷിപ്തവും രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. CB No.89/13-14 തീയതി 25- 03- 2014പ്രകാരം ടോയിലറ്റ്ഗ്രാന്റ് ഇനത്തിൽമാറിയ 92,500/- രൂപയുടെ വിതരണം ക്യാഷ്ബുക്കിൽ വ്യക്തമല്ല.ആയത് പരിശോധിച്ച് വ്യക്ത മായ വിവരങ്ങൾ റിപ്പോർട്ട്ചെയ്യേണ്ടതാണ്.

**11.അക്വിറ്റൻസ്-ശ്രീ.അയ്യൻകാളിടാലന്റ് സേർച്ച് ഡവലപ്മെന്റ് സ്കീം, ലംപ്സം ഗ്രാന്റ്,സ്വയംതൊഴിൽ**

.1. അക്വിറ്റൻസിൽ പേജ് സർട്ടിഫിക്കറ്റ് എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.ബിൽനമ്പർ,Gross,Netതുകകൾ,തേർച്ചചെയ്ത തീയതി,വിതരണംചെയ്ത തീയതി,വി തരണ സംക്ഷിപ്തം എന്നിവക്രമമായി രേഖപ്പെടുത്തുന്നില്ല.മേൽ ന്യൂനതകൾ പരിഹരി ക്കേണ്ടതാണ്.

**12.അക്വിറ്റൻസ്-മിശ്രവിവാഹം**

1.CB No.91/11-12 തീയതി 28- 01- 2012 പ്രകാരം തേർച്ചചെയ്ത 6,00,000/- രൂപയുടെ വിത രണ സംക്ഷിപ്തത്തിൽ 2,00,000/-രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു.ടി തുകയുടെ വിതരണം പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. .CB No.2240/12-13 തീയതി 14- 03- 2013 പ്രകാരം തേർച്ചചെയ്ത 1,00,000/- രൂപ ഗുണ ഭോക്താക്കൾ ഒപ്പിട്ട് കൈപ്പറ്റിയതായി കാണുന്നില്ല.വിശദീകരണം നൽകേണ്ടതാണ്.

**13.STSBരജിസ്റ്റർ(ചെക്ക് ഇഷ്യൂ രജിസ്റ്റർ).**

1. അക്വിറ്റൻസിൽ പേജ് സർട്ടിഫിക്കറ്റ് എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല

2.ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ പൂർണ്ണമേൽവിലാസം.ചെക്ക്നമ്പർ.തീ യതി,തുക,ചെക്ക്കൈപ്പറ്റുന്ന യാളിന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തി ആയത് എസ്.സി. ഡി.ഒ തീയതിവച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.എന്നാൽ ഇവിടെ അപ്രകാരം ചെയ്ത തായി കാണുന്നില്ല.ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3._STSBരജിസ്റ്റർ പ്രകാരം 12-10-2017 ന് 1,04,395/-,10,000/-,10,000/- എന്നിങ്ങനെ 1,24,395/- രൂപ നൽകിയതായി കാണുന്നു.എന്നാൽ 1,04,395/-രൂപയുടെ രസീതേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളു.20,000/- രൂപയുടെ രസീത് പരിശോധനക്ക് ലഭ്യമായില്ല.അവ കണ്ടെടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4.12-10-2017 ലെ ക്യാഷ്ബുക്കിൽ ചികിത്സാധനസഹായം 55,000/- രൂപ ചെലവ് രേഖപ്പെടുത്തിയതായി കാണുന്നു.എന്നാൽ അക്വിറ്റൻസ് പ്രകാരം 45,000/- രൂപ നൽകിയതായെ കാണുന്നുള്ളു. വിശദീകരണം നൽകേണ്ടതാണ്.

## പാർട്ട് III

### വിവിധ പദ്ധതികൾ സംബന്ധിച്ച്.

**1.മിശ്രവിവാഹധനസഹായം -**

1.2011-12 വർഷംമുതൽ 2017-18 വർഷംവരെ മിശ്രവിവാഹധനസഹായപദ്ധതിപ്രാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 25 | 10,70,000/- (19X50000, 6X20000/-) |
| 2012-13 | 16 | 15,00,000/-(16X50000) |
| 2013-14 | 20 | 10,00,000/-(20X50000) |
| 2014-15 | 17 | 8,50,000/-(17X50000) |
| 2015-16 | 14 | 7,00,000/-(14X50000) |
| 2016-17 | 10 | 5,00,000/-(10X50000) |
| 2017-18 | 20 | 11,50,000/-(15X50000(6X75000) |

2. മിശ്രവിവാഹധനസഹായ രജിസ്റ്റർ പരിപാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധയുള്ളതായി തോന്നുന്നില്ല.

3. മിശ്രവിവാഹിതരായദമ്പതിമാരുടെ ഒരുമിച്ചുള്ള പാസ്പോർട്ട്സൈസ് ഫോട്ടോ രജിസ്റ്ററിൽ പതിക്കണമെന്നിരിക്കെ 2016-17 വരെ ഇതിൽ എല്ലാവർക്കും ഇളവുനല്കിയതായി കാണുന്നു.

4. അപേക്ഷകളും അനുബന്ധരേഖകളും ജില്ലാപട്ടികജാതി വികസന ഓഫീസർ വിവാഹധനസഹായമനുവദിച്ചുകൊണ്ടിറക്കുന്ന ഉത്തരവുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.അപേക്ഷകളും അവയോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകളുംസൂക്ഷിക്കുന്നതിന് കുറേക്കൂടി ജാഗ്രത കാട്ടേണ്ടിയിരിക്കുന്നു. സ്റ്റാപ്ളർ പിന്നിന്റെ അമിത ഉപയോഗംമൂലം അപേക്ഷകൾ പലതുംകീറി നാശോൻമുഖമായ അവസ്ഥയിലാണ്.കെട്ടിൽനിന്നിളകി യും,പല ഗുണഭോക്താക്കളുടേയും അപേക്ഷകളോടൊപ്പമുള്ള അനുബന്ധരേഖകൾ പരസ്പരംമാ

റിയുംഉള്ള അവസ്തയിലാണ്. അപേക്ഷകൾ നൂലുപയോഗിച്ച് കെട്ടിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

5. മിശ്രവിവാഹധനസഹം അനുവദിക്കപ്പെട്ട ദംപതിമാരുടെ പേരിൽ നിശ്ചിത വിലയ്കുള്ള മുദ്രപ്പത്രം വാങ്ങിനല്കിയിട്ടുണ്ടെങ്കിലും ക്രമപ്രകാരമുള്ള എഗ്രിമെന്റിൽ ഓഫീസർ (ബഹുഭൂരിപക്ഷംഎഗ്രിമെന്റിലും)ഒപ്പിട്ടിട്ടുള്ളതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

6.ചില ഗുണഭോക്താളുടെ വിവാഹ സർട്ടിഫിക്കറ്റുകൾ(ഒർജിനൽ) അപേക്ഷകളോടൊപ്പം കാണുകയുണ്ടായി.ഇവ മടക്കിനല്കി വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

7.എറണാകുളംജില്ലാപട്ടികജാതിവികസനഓഫീസറുടെ 22-05-2012 ലെ ജി.3.4947/12 നം ഉത്തരവുപ്രകാരം ധനസഹായം അനുവദിച്ച 5 ഗുണഭോക്താക്കളിൽ ശ്രീമതി.സിന്ധു , ശ്രീ.ടി.കെ.ബാലകൃഷ്ണൻ ദംപതികൾക്ക് ധനസഹായം 25000/-രൂപ വീതം രണ്ടായി വിതരണംചെയ്തിരിക്കുന്നു.ഇപ്രകാരം സംഭവിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

8. യൂ.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. യു.സി അയയ്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കണം.

**2.വിവാഹധനസഹായം**

1. 2011-12 വർഷംമുതൽ 2017-18 വർഷംവരെ വിവാഹധനസഹായപദ്ധതിപ്രാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 60 | 12,00,000/- |
| 2012-13 | 24 | 4,78,000/- |
| 2013-14 | 100 | 43,80,000/- |
| 2014-15 | 70 | 35,00,000/- |
| 2015-16 | 72 | 36,00,000/- |
| 2016-17 | 65 | 32,50,000/- |
| 2017-18 | 54 | 34,50,000/- |

2.അപേക്ഷകരുടെ വിവരം രജിസ്റ്റർ പരിപാലിച്ച് അതിൽ രേഖപ്പെടുത്തുന്നില്ല.അപേക്ഷ ലഭിച്ചാലുടൻ അതിലെ വിവരങ്ങൾ പൂർണ്ണമായും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപേക്ഷകന്റെവ്യക്തതയുള്ള ഫോട്ടോ അതിൽപതിക്കേണ്ടതും ഓഫീസർ ഒപ്പ്

ചാർത്തുകയും ചെയ്യേണ്ടതാണ്.മുൻകാലങ്ങളിലെ അപേക്ഷകരുടെ വിവരങ്ങൾ രജിസ്റ്റർ പരിപാലിച്ച് രേഖപ്പെടുത്തി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

3.സമയബന്ധിതമായി ഓഡിറ്റ് നടത്താതിരുന്നതിന്റെ ന്യൂനത ഇവിടെ അനുഭവപ്പെടുന്നു.അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ട രേഖകൾമിക്കതും കെട്ടിൽനിന്നിളകിയും,ചിലത് കീറിനശിച്ചതുമായ അവസ്ഥയിലാണ്. അപേക്ഷകളോടൊപ്പമുള്ള അനുബന്ധരേഖകൾ പരസ്പരംമാറിയിരിക്കുന്നതായും കാണുന്നു. അപേക്ഷകൾ നൂലുപയോഗിച്ച് കെട്ടിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

4.ജില്ലാഓഫീസിൽനിന്നും ധനസഹായം അനുവദിച്ചുനല്കുന്ന ഉത്തരവുകൾ ഫയലിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും യൂ.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. യു.സി അയയ്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കണം.മറ്റ് ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാണ്.

<u>3.ചികിത്സാധനസഹായം</u>

1. ചികിൽസാധനസഹായം അനുവദിക്കുന്നതിനുള്ള അലോട്ട്മെന്റ് ജില്ലാഓഫീസർ നല്കുകയും ടി തുക ഓഫീസറുടെ STSB അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചികിൽസാധനസഹായം അനുവദിക്കുന്ന ഗുണഭോക്താക്കൾക്ക് ചെക്ക്മുഖേന തുക നല്കുകയുമാണ് 2012-13വർഷംമുതൽ 2015-16 വർഷംവരെ ചെയ്തിരുന്നത്. 2011-12 വർഷംമുതൽ 2017-18 വർഷംവരെ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 91 | 3,82,000/- |
| 2012-13 | 32 | 2,71,500/- |
| 2013-14 | 41 | 7,97,000/- |
| 2014-15 | 68 | 17,56,393/- |
| 2015-16 | 79 | 19,71,000/- |
| 2016-17 | 69 | 8,85,500/- |
| 2017-18 | 126 | 2,41,600/- |

2.ചികിൽസാധനസഹായത്തിനായി പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതായി കണ്ടില്ല. അക്വിറ്റൻസ് പരിപാലിക്കുന്നതിൽ വ്യക്തതക്കുറവുണ്ട്.അപേക്ഷകളും അനുബന്ധരേഖകളും പരിപാലിക്കുന്നതിൽ സൂഷ്മതക്കുറവുണ്ട്. ഓരോ ബിൽ പ്രാകാരമുള്ള payment ന് ശേഷം abstract എഴുതിവയ്ക്കാൻനിർദ്ദേശിക്കുന്നു. യു.സി അയയ്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കണം.മറ്റ് ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാണ്.

**4.ടോയിലറ്റ് നിർമ്മാണ ധനസഹായം.**

2012-13മുതൽ 2015-16, വരെയുള്ള വർഷങ്ങളിൽ ടോയിലറ്റ് നിർമ്മാണ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2012-13 | 150 | 145 | 5 |
| 2013-14 | 166 | 164 | 2 |
| 2014-15 | 80 | 79 | 1 |
| 2015-16 | 90 | 86 | 4 |

അപേക്ഷകൾ സൂക്ഷിക്കുന്നതിനും,രജിസ്റ്റർ പരിപാലിക്കുന്നതിലും സംഭവിച്ച വീഴ്ചകൾ നേരിട്ട് ബോധ്യപ്പെടുത്തുകയും ന്യൂനതകൾ പരിഹരിക്കാൻ നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.നാലുവർഷംകൊണ്ട് ധനസഹായം നൽകിയ 468 ഗുണഭോക്താക്കളുടെ വിവരം ഈടുള്ള ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാനും നിർദ്ദേശിക്കുന്നു. യു.സി അയയ്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കണം

**5.ഭൂരഹിത പുനരധിവാസ പദ്ധതി.**

**2011-12.**

2011-12 വർഷം എറണാകുളം ജില്ലാപട്ടികജാതിവികസന ഓഫീസറുടെ ജി.3.5067/11 തീയതി 11-03-2019 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള 32 ഗുണഭോക്താക്കൾക്ക് 1,50,000/- രൂപ നിരക്കിൽ 48,00,000/- രൂപയും,ഒരു ഗുണഭോക്താവിന് 1,44,000/- രൂപയും,നഗരസഭാപരിധിയിൽ നിന്നുള്ള 3 ഗുണഭോക്താക്കൾക്ക് 1,75,000/- രൂപ നിരക്കിൽ 5,25,000/-രൂപയും ഉൾപ്പെടെ ആകെ 36 ഗുണഭോക്താക്കൾക്ക് 54,69,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.വിനിയോഗ സർട്ടിഫിക്കറ്റ് ഏ.ജി യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

**2012-13.** ജില്ലാപട്ടികജാതിവികസന ഓഫീസറുടെ ജി.3.4511/12 തീയതി 03-05-2012,03-08-2012,22-01-2013, ഉത്തരവകൾ പ്രകാരം ബ്ലോക്ക് പരിധിയിൽ 102 ഗുണഭോക്താക്കള്ക്ക് 1,50,000/- രീപ നിരക്കിലും, ,നഗരസഭാപരിധിയിൽ നിന്നുള്ള 10 ഗുണഭോക്താക്കൾക്ക് 1,75,000/- രൂപ നിരക്കിലും ആകെ 112 ഗുണഭോക്താക്കൾക്ക് 1,70,50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. അപേക്ഷകളുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ കാണുന്നു.

1.പല അപേക്ഷകളും പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല.

2.അനന്തരാവകാശികളുടെ പേരും വിലാസവും അപേക്ഷകളിൽ കൃത്യമായി ചേർക്കുന്നില്ല.

3. ചില ഗുണഭോക്താക്കളുടെ പേരിൽ നിശ്ചിത വിലയ്കുള്ള മുദ്രപ്പത്രം വാങ്ങിനല്കിയിട്ടുണ്ടെങ്കിലും ക്രമപ്രകാരമുള്ള എഗ്രിമെന്റ് ഓഫീസർ എഴുതി ഒപ്പിട്ടിട്ടുള്ളതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

4.2012-13 വർഷത്തെ ഗുണഭോക്താവായ ശ്രീ.ജിനു,കുമരംപള്ളി,കോട്ടപ്പടി.പി.ഒ,എന്നയാളിന്റെ അപേക്ഷയോടൊപ്പമുള്ള കോട്ടപ്പടി വില്ലേജ് ഓഫീസറുടെ 27-07-2012 ലെ 2220/12 നമ്പർ വരുമാന സർട്ടിഫിക്കറ്റ് ജിനുവിന്റെ പിതാവ് ശ്രീ .കെ.കെ.കുട്ടപ്പന്റെ പേരിലുള്ളതാണ്.ശ്രീ.കുട്ടപ്പന് ഒരു മകളും ഒരു മകനും മാത്രമാണുള്ളതെന്നും ,മകൾ വിവാഹിതയായി ഭർതൃഗൃഹത്തിൽതാമസിക്കുന്നു എന്നും മകനായ ശ്രീ.ജിനു പിതാവായ കുട്ടപ്പനോടൊപ്പം കുടുംബ വീട്ടിൽ താമസിക്കുന്നു എന്നും പിതാവായ ശ്രീ കുട്ടപ്പൻരെ പേരിൽ 6.5 സെന്റ് ഭൂമിയുണ്ടെന്നും വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.ടി സാഹചര്യത്തിൽ ശ്രീ ജിനുവിന് പദ്ധതിപ്രകാരം ആനുകൂല്യം അനുവദിക്കുവാനുണ്ടായ പ്രത്യേക സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2012-13 വർഷം ഗുണഭോക്തൃരജിസ്റ്റർ പരിപാലിച്ചിട്ടുണ്ടെങ്കിലും എല്ലാ ഗുണഭോക്താക്കളുടേയും വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല.ഒരാളുടെ വിവരവും എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗുണഭോക്താക്കളുടെ ലിസ്റ്റ് സാധൂകരണ ഉത്തരവിനായി എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിച്ചിരുന്നു എങ്കിലും ഉത്തരവ് ലഭിച്ചതായി കാണുന്നില്ല.വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ രണ്ടാം ഘട്ട മേൽ തട്ട് പരിശോധനയില്ലാതെ ധനസഹായം അനുവദിച്ച്നല്കുന്ന പദ്ധതിയാണ് ഭൂരഹിത പുനരധിവാസ പദ്ധതി.അതിനാൽ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ സാധൂകരണ ഉത്തരവ് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

**2013-14**

2013-14 വർഷം 68 ഗുണഭോക്താക്കൾക്ക് 10,90,0000/- ജില്ലാ പട്ടികജാതിവികസന ഓഫീസറുടെ 12-07-2013 ലെ ജി.3 6595/13 നമ്പർ ഉത്തരവ് പ്രകാരം ചെലവഴിച്ചിട്ടുണ്ട്.വിനിയോഗ സർട്ടിഫിക്കറ്റ് ഏ.ജി യ്ക്ക് സമർപ്പിച്ചിട്ടുള്ളതായി കാണുന്നു.ഗുണഭോക്താക്കളുടെ സാധൂകരണ ഉത്തരവ് വാങ്ങി സൂക്ഷിച്ചിട്ടില്ല.

2013-14 വർഷം ഗ്രാമപഞ്ചായത്തുകളുടെ ഗ്രാമസഭാലിസ്റ്റിൽ നിന്നും നിർദ്ദേശിക്കപ്പെട്ടവരുടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് കോതമംഗലം നഗരസഭാപരിധിയിൽ ഭൂമിവാങ്ങിയത് പരിഗണിച്ച് നഗരസഭയുടെ നിരക്കിൽ തുക അനുവദിച്ചതായി കാണുന്നു.നഗരസഭയുടെ വാർഡ് സഭാ ലിസ്റ്റിൽനിന്നുള്ളവർക്ക് മാത്രമേ ആ നിരക്കിലുള്ള ധനസഹായത്തിന് അർഹതയുള്ളു.ഈ നടപടി ചട്ടപ്രകാരമല്ലെന്ന് അഭിപ്രായപ്രായപ്പെടുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേരം വിലാസവും | പഞ്ചായത്ത് | അർഹതയുള്ള തുക | അനുവദിച്ച തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | ശ്രീ.ഗിരീഷ്.പള്ളിവാലിക്കുഴി,നാടുകാണി.പി.ഒ. | കീരംപാറ | 1,50,000/- | 2,00,000/- | 50,000/- |

| | | | | | |
|---|---|---|---|---|---|
| 2 | ശ്രീ.ബിനു.എം.സി, മടുക്കക്കുഴി, | ,, | 1,50,000/- | 2,00,000/- | 50,000/- |
| 3 | ശ്രീമതി.തങ്കമ്മ കുട്ടപ്പൻ, പൊട്ടകുന്നത്ത്,ഇരമെല്ലൂർ | നെല്ലിക്കുഴി | 1,50,000/- | 2,00,000/- | 50,000/- |
| 4 | ശ്രീ.അനിൽകുമാർ,കുഴി തൊട്ടിയിൽ,ചേലാട്. | പിണ്ടിമന | 1,50,000/- | 2,00,000/- | 50,000/- |
| | | | | | |
| 5 | കെ.എ).കുഞ്ഞപ്പൻ,കാവാട്ടു മാലിൽ വീട്,ഊന്നുകൽ, | കാവളങ്ങാട് | 1,50,000/- | 2,00,000/- | 50,000/- |
| 6 | ശ്രീ.പി.ആർ സജീവൻ,പീടി കക്കുഴിയിൽ,ചെറുവട്ടൂർ. | നെല്ലിക്കുഴി. | 1,50,000/- | 2,00,000/- | 50,000/- |
| അധികം നൽകിയ ആകെ തുക | | | | | 3,00,000/- |

ശ്രീ മൈതീൻ.സി.എ,ചിറ്റേത്ത്കുഴി,ആയിരൂർപാടം എന്നയാളിന്റെ ഉടമസ്ഥതയിൽ പിണ്ടിമന വില്ലേജിൽ സർവ്വേ 467/1.എ/60 നമ്പരിൽ ഉള്ള വസ്തു 7 ഗുണഭോക്താക്കൾ 3 സെന്റ് വീതം വാങ്ങിയിട്ടുള്ളതായി കാണുന്നു.

1.മഹേഷ്.കെ.കെ.2.ഷിബു.എസ്,3.സരോജിനി ശശികുമാർ.4.ഹരി.പി.എ).5. ഗോപി.ടി ടശ,6.കെ.കെ.കുഞ്ഞപ്പൻ,7.സുരാജ്.പി.ആർ.

ഭൂരഹിത പുനരധിവാസപദ്ധതിപ്രകാരം സങ്കേത രൂപീകരണം പ്രോത്സാഹിപ്പിക്കേരു തെന്ന നിർദ്ദേശം നിലവിൽ ഇരിക്കെ -ഇക്കാര്യത്തിൽ കൃത്യമായ വിശദീകരണം നൽകേണ്ടതാണ്.

ഗുണഭോക്താക്കൾ എല്ലാവരംതന്നെ പദ്ധതിപ്രകാരം നിർദ്ദേശിക്കപ്പെട്ട കുറഞ്ഞ അള വായ 3 സെന്റ് വസ്തു മാത്രമേ വാങ്ങിയിട്ടുള്ളു എന്ന പ്രത്യേകതയും കാണുന്നു. കുറഞ്ഞ വിസ്തീർണ്ണം 3 സെന്റായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും ധനസഹായതു കയ്ക്ക് ലഭ്യമാകുന്ന പരമാവധി ഭൂമി വാങ്ങുന്നതിന് ഗുണഭോക്താക്കളെ നിർബന്ധിക്കുന്ന സമീപനം സ്വീകരിക്കേണ്ടതാണ്.

ശ്രീമതി.കുഞ്ഞുമോൾ ചോതി,കയ്യാലക്കുഴി വീട്,കീരംമ്പാറ,പുന്നക്കാട് എന്ന ഗുണഭോ ക്താവിന്റെ ധനസഹായം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന സമയ ത്ത്(01-03-2014)പ്രായം 58 വയസ്സാണെന്ന്കാണുന്നു.ടിയാൾ ഭർത്താവ് ഉപേ ക്ഷിച്ചു.റേഷൻകാർഡ് പ്രകാരം ഒറ്റയ്ക്ക് താമസ്സിക്കുന്നയാളുമാണ്.ടിയാൾക്ക് പദ്ധതി നിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാതെ ധനസഹായം അനുവദിക്കാനുണ്ടായ പ്രത്യേക സാഹചര്യം വിശദീകരിക്കേണ്ടതാണ്.

**2014-15.**

എറണാകുളം ജില്ലാപട്ടികജാതിവികസന ഓഫീസറുടെ 20-10-2014,14-01-2015,09-03-2015 എന്നീ തീയതികളിലെ ജി.39308/14 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 15 ഉം, പ്രത്യേക അനുമതി പ്രകാരം ഒരാൾക്കും നഗരസഭയിൽ 4 ഉം ഉൾപ്പെടെ ആകെ 20 ഗുണഭോക്താ

ക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട് ആയതിലേക്കായി 78,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

1.ശ്രീമതി.ദീപാ വിജയൻ,തകിടിയിൽ,നെല്ലിക്കുഴി പി.ഒ

2.ശ്രീമതി.ഗീതാ ബിജു,കക്കുഴിച്ചാൽ,നെല്ലിക്കുഴി.പി.ഒ എന്നീ ആളുകൾ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ ഗ്രാമസഭാലിസ്റ്റിലെ യഥാക്രമം ക്രമ നം.3,7 ഗുണഭോക്താക്കളാണ്.ഇവർ കോതമംഗലം നഗരസഭാ പരിധിയിൽ വസ്തു വാങ്ങിയത് പരിഗണിച്ച് 4,50,000/-രൂപ ക്രമത്തിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്.ശ്രീ.ജോമോൻ.സി.കെ,ചെറുവേലിക്കുഴി പിണ്ടിമന എന്നയാൾ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആളുമാണ്.ടി യാൾക്കും നഗരസഭാപരിധിയിൽ സ്ഥലം വാങ്ങിയതുപരിഗണിച്ച് 4,50,000/-രൂപ അനുവദിച്ചിട്ടുണ്ട്.ഇവർക്ക്ഗ്രാമപഞ്ചായത്തിൽനിന്നുമുള്ള ഗുണഭോക്താക്കൾ എന്ന നിലയ്ക്ക് 3,75,000/- രൂപ നിരക്കിന് മാത്രമാണ് അർഹതയുള്ളത്.അതുകൊണ്ട് മൂന്ന് ഗുണഭോക്താക്കൾക്കുമായി 2,25,000/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.ഇത് ക്രമപ്രകാരമല്ലെന്നും അഭിപ്രായപ്പെടുന്നു.

ശ്രീ.അയ്യപ്പൻ തേവൻ,വടക്കേക്കര,നേര്യമംഗലം പി.ഒ. എന്ന ഗുണഭോക്താവിന്റെ അപേക്ഷിക്കുന്ന സമയത്തെ പ്രായം ടിയാന്റെ ജനന തീയതി രേഖകൾ പ്രകാരം 60 വയസ്സും, ശ്രീമതി.കാർത്യായനി.എ.കെ അകത്തോട്ടിൽ,ചേലാട്.പി ഒ.എന്ന ഗുണഭോക്താവിന്റെ ജനനതീയതി രേഖകൾ പ്രകാരം അപേക്ഷിക്കുന്ന സമയത്തെ പ്രായം 62 വയസുമാണ്.ഇവർക്ക് ധനസഹായം അനുവദിക്കുനാനുണ്ടായ പ്രത്യേക സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ശ്രീ.ശിവപ്രസാദ്,പൂത്തോലി ഹൗസ്,കുന്നുകുഴി.പി.ഒ,വായനശാല കോതമംഗലം നഗരസഭ വാർഡ്സഭാലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താവ് വാങ്ങിയ വസ്തുവിന്റെ ഉടമസ്ഥന്റെ കോതമംഗലം വില്ലേജിലെ 09-02-2014 ലെ 9333579 നമ്പർ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം 1117/9 സർവ്വേനമ്പരിലുള്ള ഭൂമിയുടെ തരം നിലമാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ഇതുസംബന്ധിച്ച് പഞ്ചയത്ത് സെക്രട്ടറി.കൃഷി ഓഫീസർ,വില്ലേജ് ഓഫീസർ എന്നിവർ അടങ്ങിയ പരിശോധനാ സമിതിയുടെ സാക്ഷ്യപത്രം വാങ്ങിയിട്ടുമില്ല.വിശദീകരണം നൽകേണ്ടതാണ്.

2015-16

2015-16 വർഷം 32 ഗുണഭോക്താക്കൾക്ക് ജില്ലാപട്ടികജാതി വികസന ഓഫീസറിടെ 04-05-2015 ,01-08-2015,14-09-2015,16-09-2015,30-09-2015 എന്നീ തീയതികളിലെ ജി.3 7455/15 ഉത്തരവുകൾ പ്രകരം ധനസഹായം അനുവദിച്ചു.ഇതിലേക്കായി 1,21,50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.ഗുണഭോക്തൃരജിസ്റ്റർ പരിപാലിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമല്ല.ഗുണഭോക്താക്കൾ വാങ്ങിയ വസ്തുക്കളുടെ വിസ്തീർണ്ണം,സർവ്വേ നമ്പർ,വില്ലേജ്,ആധാരനമ്പർ.തീയതി എന്നിവ രജിസ്റ്ററിൽ ചേർത്തുകാണുന്നില്ല.ന്യൂനത പരിഹരിക്കേണ്ടതാണ്.

ശ്രീ.ലതീഷ് മേഹൻ,കാക്കുഴിച്ചാൽ,തങ്കളം നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽനിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവാണ്.ടിയാൾക്ക് ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് നിരക്കായ 3,75,000/-രൂപയ്ക്ക് മാത്രമാണ് അർഹതയുള്ളത്.എന്നാൽ

നഗരസഭാ പരീധിയിൽ ഭൂമി വാങ്ങിയത് പരിഗണിച്ച് 4,50,000/- രൂപ അനുവദിച്ചു.ഇതു മൂലം 75,000/-അനർഹമായി അധികമായി ചെലവഴിച്ചിട്ടുണ്ട് .ഇത് ക്രമപ്രകാരമല്ല. വിശദീകരണം നൽകേണ്ടതാണ്.

2016-17.

എറണാകുളം ജില്ലാപട്ടികജാതിവികസന ഓഫീസറുടെ 08-07-2016,18-10-2016എന്നീ തീയതികളിലെ ജി.3.10364/16 നമ്പർ ഉത്തരവ് പ്രകാരം 2016-17 വർഷം 32 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.ആയതിലേക്ക് 1,21,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.ഗുണഭോക്തൃരജിസ്റ്റർ ക്രമപ്രകാരം പരിപാലിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ഏ.ജിയ്ക്ക് സമർപ്പിച്ച് റിപ്പോർട്ട്ചെയ്യേണ്ടതാണ്.

2017-18.

എറണാകുളം ജില്ലാപട്ടികജാതിവികസന ഓഫീസറുടെ ജി.3:7075/17,08-11-2017,27-01-2018 തീയതികളിലെ ഉത്തരവ്കൾ പ്രകാരം 34 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.2017-18 സാമ്പത്തികവർഷം 97,62,500/- രൂപ ചെലവഴിച്ചിട്ടുണ്ട്.

കരാർഉടമ്പടി എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ഏജിയ്ക്ക് സമർപ്പിച്ച് റിപ്പോർട്ട്ചെയ്യേണ്ടതാണ്.

## 6.ഭവന നിർമ്മാണ ധനസഹായം.

1.2007-08 മുതൽ 2016-17 വരെയുള്ള .ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതിവിവരം ചുവടെ കാണിക്കുന്നു.

| വർഷം. | ടാർജറ്റ് | പൂർത്തിയായവ | പൂർത്തിയാക്കാൻ ഉള്ളത് | പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | | | | -- | -- | |
| 2008-09 | | | | | | |
| 2009-10 | | | | -- | -- | |
| 2010-11 | | | | | | |
| 2011-12 | 20 | 19 | 1 | -- | -- | 1 |
| 2012-13 | 45 | 40 | 5 | 1 | -- | 4 |
| 2013-14 | 62 | 51 | 11 | -- | 8 | 3 |
| 2014-15 | 30 | 28 | 2 | 1 | -- | 1 |
| 2015-16 | 38 | 34 | 4 | 1 | 2 | 1 |
| 2016-17 | 90 | 73 | 17 | 7 | 5 | 5 |
| 2017-18 | 59 | 15 | 44 | 22 | 10 | 12 |
| ആകെ | | | | | | |

2. 2007-08 മുതൽ 2016-17 വരെയുള്ള ഗുണഭോക്താക്കളിൽ പേർ ഇപ്പോഴും ഒന്നാം ഗഡുവിൽ നില്ക്കുന്നു.ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ റിപ്പോർട്ട്ചെയ്യേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തേണ്ടതാണ്.ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ചു ചേർക്കുക,.ബ്ലോക്ക് പഞ്ചായത്ത് മെംബർമാരുടേയും,ഗ്രാമപഞ്ചായത്ത് മെംബർമാരുടേയും സഹകരണത്തോടെ പ്രവർത്തനകലണ്ടർ തയ്യാറാക്കുക, അതിൻപ്രകാരം നിർമ്മാണം പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കളെ സജ്ജരാക്കുക,പ്രമോട്ടർമാർക്ക് ടാർജറ്റ് നിശ്ചയിച്ചുനൽകുക തുടങ്ങിയ രീതികൾ അവലംബിക്കാവുന്നതാണ്.

3.അപേക്ഷകളും അനുബന്ധരേഖകളും,ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ പരിപാലികുകുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.2012-13 വർഷം മുതൽപദ്ധതി നടത്തിപ്പിനായി വകുപ്പിൽനിന്നും നൽകിയ രജിസ്റ്റർ ആണ് ഉപയോഗിക്കുന്നത്.ഈ രജിസ്റ്റർ പേജ്നമ്പർഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.ഗുണഭോക്താക്കളുടെ ഫോട്ടോ അപേക്ഷയിൽസൂക്ഷിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ അത് പതിക്കുന്നില്ല.ഗഡുക്കൾ അനുവദിക്കുന്നത് യഥാസമയം രജിസ്റ്ററിൽതീയതി സഹിതം രേഖപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

4.2017-18 സാനമ്പത്തികവർഷം എറണാകുളം ജില്ലാപട്ടികജാതി വികസന ഓഫീസറുടെ 10-11-2017 ലെ ജി.38656/17 നമ്പർ ഉത്തരവ് പ്രകാരം 48 പേർക്കാണ് ധനസഹായം അനുവദിച്ചത്.എന്നാൽ 59 പേർക്ക് ഒന്നാംഗഡു നൽകിയതായി കാണുന്നു.11 പേർക്ക് അധികമായി ധനസഹായം നൽകേണ്ടിവന്ന സാഹചര്യം വിശദമാക്കേണ്ടതും നടപടിയിൻമേൽ സാധൂകരണം വാങ്ങി വിവരം അിറയിക്കേണ്ടതുമാണ്.

**7.ദുർബ്ബലവിഭാഗങ്ങളുടെ ഭവനരഹിത പുനരധിവാസ പദ്ധതി.**

2011-12 വർഷം ഒരു ഗുണഭോക്താനിന് മാത്രമാണ് ധനസഹായം നല്കിയത്.ഭവന നിർമ്മാണത്തിന്റെ ഒന്നാം ഗഡു കൈപ്പറ്റിയെങ്കിലും ടി വ്യക്തി സ്ഥലംമാറിപ്പോയതായി അിറയുന്നു.

**8.ഭവന പുനരുദ്ധാരണ പദ്ധതി.**

1.2013-14 സാമ്പത്തിക വർഷംമുതലാണ് ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം നല്കുന്ന പദ്ധതി ആരംഭിച്ചത്. പ്രസ്തുത വർഷം നടപ്പാക്കിയ ടീ പദ്ധതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2013-14 | 32 | 32 | -- |
| 2014-15 | 37 | 37 | -- |
| 2015-16 | 34 | 34 | -- |
| 2016-17 | 45 | 45 | -- |
| 2017-18 | പദ്ധതി നടപ്പിലാക്കിയിട്ടില്ല | | |

2.രജിസ്റ്റർ പരിപാലിക്കുന്നതിൽ പോരായ്മയുണ്ട് . സാധാരണ രജിസ്റ്ററിൽ ഗുണഭോക്താവിന്റെ പേരും അഡ്രസും എഴുതി 50,000/- രൂപ അനുവദിച്ചതായി രേഖപ്പെടുത്തി സൂക്ഷിക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഗഡുക്കൾ അനുവദിക്കുന്ന തീയതി തുക എന്നിവ രേഖപ്പെടുത്തിക്കാണുന്നില്ല.ഭവന പുനരുദ്ധാരണംപൂർത്തിയാക്കിയ വിവരവും രജിസ്റ്ററിൽ കാണിക്കുന്നില്ല.

3. .ഭവന പുനരുദ്ധാരണം സംബന്ധിച്ച സർക്കാ ഉത്തരവിലെ നിബന്ധനകൾ എല്ലാം പാലിക്കുന്നുണ്ട്.എസ്റ്റിമേറ്റും ആവശ്യമുണ്ടെങ്കിൽ പ്ലാനും വാങ്ങിയശേഷമാണ് ധനസഹായം അനുവദിക്കുന്നത്.പൂർത്തീകരണസാക്ഷ്യപത്രം വാങ്ങിയശേഷമാണ് അവസാന ഗഡു നല്കുന്നത്. അപേക്ഷകളും അനുബന്ധരേഖകളും ജില്ലാപട്ടികജാതി വികസന ഓഫീസർ ധനസഹായമനുവദിച്ചുകൊണ്ടിറക്കുന്ന ഉത്തരവുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. യു.സി അയയ്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കണം.മറ്റ് ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാണ്.

## 9.സ്വയം തൊഴിൽ ധന സഹായ പദ്ധതി:

2011-12 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണ ഭോക്താക്കളുടെ എണ്ണം | അനുവദിച്ച സബ്സിഡി തുക |
|---|---|---|
| 2011-12 | 2 | 1,54,000/- |
| 2012-13 | 4 | 3,22,518/- |
| 2013-14 | - | - |
| 2014-15 | 7 | 4,72,083/- |
| 2015-16 | 3 | 1,20,000/- |
| 2016-17 | 2 | 1,34,051/- |
| 2017-18 | 1 | 33,333/- |

2016-17,2017-18 വർഷങ്ങളിലെ ഗുണഭോക്തൃരജിസ്റ്റർ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.2017-18 വർഷം സബ്സിഡിതുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ്ചെയ്തതിന്റെ Bims രേഖകൾ രജിസ്റ്ററിൽ പതിക്കുകയും വിനിയോഗസർട്ടിഫിക്കറ്റ് ഏ.ജി ക്ക് സമർപ്പിച്ചതിന്റെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 10.വിദേശ തൊഴിൽ ധനസഹായം.

പരിശോധനാ കാലയളവിൽ(2011-12 മുതൽ 2017-18 വരെ)വിദേശതൊഴിൽതേടിപ്പോയ പട്ടികജാതിക്കാർക്ക് ധനസഹായം നല്കിയതായി കാണുന്നില്ല.

11.പ്രത്യേക പ്രോത്സാഹന സമ്മാനം

2011-12 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 125 | 1,32,000/- |
| 2012-13 | 204 | 1,78,250/- |
| 2013-14 | 140 | 1,54,500/- |
| 2014-15 | 172 | 4,37,500/- |
| 2015-16 | 179 | 4,53,500/- |
| 2016-17 | 193 | 4,86,500/- |
| 2017-18 | 213 | 5,94,500/- |

അപേക്ഷകളും അനുബന്ധരേഖകളും നല്ല നിലയിൽ സൂക്ഷിക്കുന്നുണ്ട്. ഓരോ വർഷവും ധനസഹായം അനുവദിക്കുന്ന വിദ്യാർത്ഥികളുടെ കോഴ്സ് തിരിച്ചുള്ള വിവരം അനുവദിച്ച തുക എന്നിവ രജിസ്റ്ററിൽ അബസ്ട്രാക്ടായി എഴുതി ചേർക്കാൻ നിർദ്ദേശിക്കുന്നു. യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മറ്റ് പരാമർശങ്ങളില്ല.

12.ശ്രീ.അയ്യൻകാളിടാലന്റ് സേർച്ച് ഡവലപ്മെന്റ് സ്കീം.

1. 2011-12 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 14 | 63,000/- |
| 2012-13 | 21 | 94,500/- |
| 2013-14 | 34 | 1,53,000/- |
| 2014-15 | 41 | 1,12,500/- |
| 2015-16 | 24 | 1,08,000/- |
| 2016-17 | 37 | 1,66,500/- |
| 2017-18 | 32 | 1,44,000/- |

2.തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ രജിസ്റ്റർ നല്ല രീതിയിൽ പരിപാലിക്കേണ്ട താണ്.രജിസ്റ്റർതന്നെയാണ് അക്വിറ്റൻസായും ഉപയോഗിക്കുന്നത്. അക്വിറ്റൻസിൽ തീയ തിവച്ച് ഒപ്പിടുന്നു വെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3.ഈ സ്കീമിലേയ്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയന്ന ക്ലാസ്സിൽ എത്തുമ്പോൾ കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.അതിനാൽസ്കൂൾ അധി കൃതരുമായി ബന്ധപ്പെട്ട് കുട്ടികളുടെ പഠന നിലവാരം പരിശോധിക്കേണ്ടതും എസ്.സി പ്രമോട്ടർമാർ കട്ടികളുടെ ഭവനങ്ങളിൽ സന്ദർശനംനടത്തി പഠനനിലവാരം ഉറപ്പുവരു ത്തേണ്ടതുമാണ്. യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടി.ന്യൂനതകൾ പരി ഹരിക്കേണ്ടതും നിർദ്ദേശങ്ങൾപാലിക്കേണ്ടതുമാണ്.

## 13.പാരലൽ കോളേജ് എഡ്യൂക്കേഷൻ എയ്ഡ്

1. 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ ധനസഹായം നല്കിയ വിദ്യാർത്ഥിക ളുടെ വിവരം അനുവദിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർ ത്ഥിക ളുടെ എണ്ണം | | അനുവദിച്ച തുക | |
|---|---|---|---|---|
| | S.C | O.E.C | S.C | O.E.C |
| 2011-12 | 4 | 16 | 22,955/- | 85,383/- |
| 2012-13 | 1 | 6 | 5,840/- | 31,098/- |
| 2013-14 | 7 | 8 | 41,777/- | 49,824/- |
| 2014-15 | 4 | 5 | 32618/- | 32,521/- |
| 2015-16 | 4 | 1 | 31330/ | 6,351/- |

2.പാരലൽകോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തിവക്കാൻ പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.അക്വിറ്റൻസ് പരിപാലിക്കുന്നുണ്ട് എങ്കിലും പേജ്ന മ്പർഇട്ട് സാക്ഷ്യപ്പെടുത്തൽ പരുത്തിയിട്ടില്ല, 2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങ ളിൽ വിതരണവിവരം സംബന്ധിച്ച അബസ്ട്രാക്ടായി എഴുതിക്കാണുന്നില്ല .വിതരണം ചെയ്യുന്ന തുകകൾ ഡി.ഡി.ഒ സാക്ഷ്യപ്പെടുത്തുന്നില്ല. യു.സി അയച്ചതിന്റെ പകർപ്പ് ഫയ ലിൽ സൂക്ഷിച്ചിട്ടില്ല.2016-17 ന് ശേഷം ധനസഹായം അനുവദിച്ചുകാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

3.ആനുകൂല്യം അനുവദിച്ച ജില്ലാ പട്ടികജാതിവികസന ഓഫീസറുടെ ഉത്തരവുകൾ,അ പേക്ഷകളും അനുബന്ധരേഖകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.പരീക്ഷ എഴു തുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ഹാൾടിക്കറ്റിന്റെ പകർപ്പ് വാങ്ങി സൂക്ഷിക്കുന്നുണ്ട്. മറ്റ് പരാർശങ്ങൾ ഇല്ല.

## 14.സൈക്കിൾ വാങ്ങാൻ ധനസഹായം

2011-12 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ 100 ദിനകർമ്മപരിപാടിയുടെ ഭാഗമായി സർക്കാർ,എയ്ഡഡ് സകൂളുകളിൽ 8-ാം ക്ലാസിൽ പഠിച്ചിരുന്ന കുട്ടികൾക്ക് സൈക്കിൾ വാങ്ങാൻ ധനസഹായം അനുവദിച്ചിരുന്നു.ഈ ബ്ലോക്കിൽ ടി സാമ്പത്തികവർഷം 327

കുട്ടികൾക്ക് 3000/- രൂപ ക്രമത്തിൽ 9,81,000/-വിതരണംചെയ്തതായും,അതിൽ 326 വിദ്യാർത്ഥികൾ സൈക്കിൾ വാങ്ങിയതായുംഅകിറ്റൻസ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. സൈക്കിൾ വാങ്ങിയ ബില്ലുകൾസഹിതം അകിറ്റൻസ് സൂക്ഷിച്ചിട്ടുണ്ട്.രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

15.ഒ.ബി.സി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം.

1.2011-12 വർഷം മാത്രം നടപ്പിലാക്കിയ ഒരു പദ്ധതിയായിരുന്നു ഇത്.പ്രതിവർഷം 45,000/-രൂപയിൽതാഴെ വാർഷികവരുമാനം ഉണ്ടായിരുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട രക്ഷിതാക്കളുടെ 6 മുതൽ 10 വരെ ക്ലാസ്സിൽപഠിച്ചിരുന്ന 2403 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനുവേണ്ടി ടി വർഷം 23,00,000/- രൂപ ചെലവഴിച്ചിട്ടുള്ളതായി കാണുന്നു.

2.ഈബ്ലോക്കിലെ 27 സ്കൂളുകൾക്ക്മാത്രമാണ് തുക അനുവദിച്ചിട്ടുള്ളത്.തുക വിതരണംചെയ്തതു സംബന്ധിച്ച അകിറ്റൻസ്,രജിസ്റ്റർ എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടു. യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.ന്യൂനത പരിഹരിക്കേണ്ടതാണ്.

## 16.ലംപ്സംഗ്രാന്റ് വിതരണം

1.വിവിധ വർഷങ്ങളിൽ എസ്.സി-ഒ.ഇ.സി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നല്കുന്നതിനായി ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിഭാഗം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ |
| **2011-12** | S.C | 123 | 1326 | 1246 | 6,94,727/- |
| | O.E.C | “ | 792 | 840 | 5,15,410/- |
| **2012-13** | S.C | “ | 1344 | 1282 | 9,05,775/- |
| | O.E.C | “ | 805 | 874 | 9,05,775/- |
| 2013-14 | S.C | “ | 1333 | 1200 | 13,87,775/- |
| | O.E.C | “ | 780 | 843 | 9,51,475/- |
| 2014-15 | SC | | 1162 | 1140 | 13,55,125/- |
| | OEC | | 575 | 735 | 9,04,175/- |
| 2015-16 | SC | | 1232 | 1170 | 12,10,825/- |
| 2016-17 | SC | | 1206 | 1143 | 11,64,950/- |
| 2017-18 | SC | | 1147 | 1141 | 15,22,025/- |

2. 2011-12 വർഷംമുതൽ പുതിയ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്.ടീ രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർരേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. രജി

സ്റ്ററിലെ എല്ലാകോളങ്ങളിലും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്.തിരിച്ചടച്ച തുകക ളുടെ ചെല്ലാൻ നമ്പർ തീയതി എന്നിവ രജിസ്റ്ററിൽ കാണിച്ചിട്ടുണ്ട്. അക്വിറ്റൻസ് സ്കൂളു കളിൽനിന്നുവാങ്ങി ക്രമമായി സൂക്ഷിച്ചിട്ടുണ്ട്. യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.ന്യൂനതകൾ പരിഹരിക്കേണ്ടതും ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേ ണ്ടതുമാണ്.

3.2016-17 വർഷം GVHSS Kadavoor (രജിസ്റ്ററിലെ ക്രമനമ്പർ 82)4500/- രൂപ മുൻകൂറായി അനുവദിച്ചതിൽ 2750/- രൂപ വിതരണംനടത്തി അക്വിറ്റൻസ് ലഭ്യമാക്കിയിട്ടുണ്ട്.തിരിച്ച ടച്ച 1750/- രൂപയുടെ ചെലാൻ പരിശോധനക്ക് ലഭ്യമാക്കിയില്ല.ആയത് കണ്ടെടുത്ത് പരി ശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4. 2016-17 വർഷം MTLPS Keerampara 4500/- രൂപ മുൻകൂറായി അനുവദിച്ചതിൽ 2750/- രൂപ വിതരണംനടത്തി അക്വിറ്റൻസ് ലഭ്യമാക്കിയിട്ടുണ്ട്.തിരിച്ചടച്ച 1750/- രൂപയുടെ ചെലാൻ പരിശോധനക്ക് ലഭ്യമാക്കിയില്ല.ആയത് കണ്ടെടുത്ത് പരിശോധനക്ക് ലഭ്യമാ ക്കേണ്ടതാണ്.

5. 2017-18 വർഷം GLPS.Punnakkad(രജിസ്റ്ററിലെ ക്രമനമ്പർ 2)3200/- രൂപ മുൻകൂറായി അനുവദിച്ചതിൽ 19200/- രൂപ വിതരണംനടത്തി അക്വിറ്റൻസ് ലഭ്യമാക്കിയിട്ടുണ്ട്.തിരിച്ച ടച്ച 1280/- രൂപയുടെ ചെലാൻ പരിശോധനക്ക് ലഭ്യമാക്കിയില്ല.ആയത് കണ്ടെടുത്ത് പരി ശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**മറ്റ് പദ്ധതികൾ.**

**1.ആഗ്രോ നേഴ്സറി(2011-12).**

2011-12 വർഷം എറണാകുളം ജില്ലാപട്ടികജാതിവികസന ഓഫീസറുടെ ജി.5.522/12 തീയതി 03-02-2012 ഉത്തരവ് പ്രകാരം 3 ഗുണഭോക്താക്കൾക്ക് ആഗ്രോ നേഴ്സറി തുട ങ്ങുന്നതിന് സ്ഥലംവാങ്ങാൻ 1,50,000/- വീതം ആകെ 4,50,000/-രൂപയും നഴ്സറി ആരംഭി ക്കുന്നതിന് ഫലവൃക്ഷതൈകളും,നാണ്യവിളതൈകളം,ഇതര വൃക്ഷതൈകളും ആയതി ലേക്കുള്ള സാമഗ്രികളും വാങ്ങുന്നതിന് 50,000/- രൂപ ക്രമത്തിൽ 1,50,000/-രൂപയും അനുവദിച്ചിരുന്നു.ഇതിനായി പ്രത്യേക രജിസ്റ്റർ പരിപാലിച്ചിട്ടില്ല.ഭൂരഹിത പുനരധിവാസ പദ്ധതിയുടെ രജിസ്റ്ററിലാണ് ഗുണഭോക്തൃവിവരം രേഖപ്പെടുത്തിയിരിക്കുന്നത്.പദ്ധതി ക്കായി വാങ്ങിയ ഭൂമിയുടെ സർവ്വേനമ്പർ,വില്ലേജ് എന്നി വിവരങ്ങൾ രജിസ്റ്ററിൽ രേഖ പ്പെടുത്തിയിട്ടില്ല.പദ്ധതിയുടെ വിവരങ്ങൾ പ്രത്യേക രജിസ്റ്റർ പരിപാലിച്ച് അപേക്ഷകരു ടേയും,വാങ്ങിയ സ്ഥലത്തിന്റേയും പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു. വിനിയോഗസർട്ടിഫിക്കറ്റ് ഏ.ജി ക്ക് സമർപ്പിച്ചിട്ടുണ്ട്.മറ്റ്പരാമർശ ങ്ങൾ ഇല്ല.

**2.കാർഷിക സബ്സിഡി.**

2015-16 എറണാകുളം ജില്ലാ പട്ടികജാതിവികസന ഓഫീസറുടെ ജി.5.522/12 തീയതി 03-02-2012 പ്രകാരം ടി പദ്ധതി പ്രകാരം 3 ഗുണഭോക്താക്കൾക്ക് 58,500/- രൂപ അനുവദിച്ചതായികാണുന്നു. വിനിയോഗസർട്ടിഫിക്കറ്റേ ഏ.ജി ക്ക് സമർപ്പിച്ചിട്ടുണ്ട്.മറ്റ്പരാമർശങ്ങൾ ഇല്ല.

2017-18 വർഷം എറണാകുളം ജില്ലാ പട്ടികജാതിവികസന ഓഫീസറുടെ പി..7890/17 തീയതി 13-03-2018 പ്രകാരം 4 ഗുണഭോക്താക്കൾക്ക് 85,000/- രൂപ വിതരണംചെയ്തിട്ടുണ്ട്. . വിനിയോഗസർട്ടിഫിക്കറ്റേ ഏ.ജി ക്ക് സമർപ്പിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

**STSB A/C.-712031400000207.**

കോതമഗലം എസ്.സി.ഡി ഒയുടെ പേരിൽ കോതമഗലം സബ് ട്രഷറിയിൽ എസ്.റ്റി.എസ് .ബി അക്കൗണ്ട് നിലവിലുണ്ട്.ടി അക്കൗണ്ടിൽ 31-03-2018 ൽ നീക്കിബാക്കിയുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനവിവരം | തുക |
|---|---|
| 1.മിശ്രവിവാഹ ധനസഹായം. | 4,50,000/- |
| 3. വിജ്ഞാൻവാടി ആവർത്തനചെലവ്. | 30,000/- |
| 2. വിവാഹ ധനസഹായം | 1,50,000/- |
| 4. ഭവനനിർമ്മാണ ധനസഹായം.ലൈഫ്മിഷൻ- | 20,000/- |
| 5. ചികിത്സാധനസഹായം. | 6,30,000/- |
| ആകെ. | 14,60,000/- |

21-06-2018 ലെ നിക്കിബാക്കി.

| ഇനവിവരം | തുക |
|---|---|
| 1.മിശ്രവിവാഹ ധനസഹായം. | 1,00,000/-. |
| 2. വിജ്ഞാൻവാടി ആവർത്തനചെലവ്. | 30,000/- |
| 3. ചികിത്സാധനസഹായം. | 14,000/- |
| ആകെ. | 1,44,000/- |

ടി തുകകൾ നിക്കിബാക്കിയാകുവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും,തുകയുടെ ~~വിനിയോഗ~~ ചെലവിലെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

# പാർട്ട് IV

## മറ്റ് രജിസ്റ്ററുകൾ

### 1. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

1. പരിശോധനാസമയത്ത് (19-06-2018) 414/- രൂപയുടെ സ്റ്റാമ്പ് ബാലൻസ് ഉണ്ടായിരു ന്നു.ഇത് പരിശോധിച്ച് ബോധ്യപ്പെട്ടു. മാസംന്തോറും ഫിസിക്കൽ വേരിഫിക്കേഷൻ നട ത്തുന്നുണ്ട്. എന്നാൽ ദ്വൈവാര ഭൗതിക പരിശോധന നടത്തുന്നതായി കാണുന്നില്ല ഗവ.സർക്കുലർ നം.43/88/ഫിൻ തീയതി 03/06/1988 പ്രകാരം ദ്വൈവാര ഭൗതിക പരിശോ ധന നടത്തി സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തി സുക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈരജിസ്റ്ററിൽ പേജ്നമ്പർഇട്ട് സാക്ഷ്യപത്രം എഴുതിഒപ്പിട്ട് സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

### 2.ഫർണിച്ചർ രജിസ്റ്റർ

1.താലൂക്ക് പട്ടികജാതിവികസ ഓഫീസ്ആരംഭിക്കുന്നതിന് മുമ്പ് താലുക്ക് വെൽഫെയർ ഓഫീസ് നിലനിന്ന സമയത്ത്(07-02-1972) ആരംഭിച്ച രജിസ്റ്ററാണ് ഇപ്പോഴും പരിപാലി ക്കുന്നത്. ഈ രജിസ്റ്റർ കാലപ്പഴക്കംകൊണ്ട് ജീർണിച്ചതാണ്.അതിനാൽ ടി രജിസ്റ്ററിലെ വിവരങ്ങൾ പുതിയ രജിസ്റ്റർ ആരംഭിച്ച് രേഖപ്പെടുത്തി സുക്ഷിക്കാൻ നിർദ്ദേശിക്കുന്നു

2.ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.രേഖപ്പെടു ത്തലുകൾ തീയതിവച്ച് എഴുതി സുക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക പരിശോധനടത്തു ന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

### 4.പേ ബിൽ രജിസ്റ്റർ.

2008-09 മുതൽ ആരംഭിച്ചതും നിലവിൽ ജീർണാവസ്ഥയിൽ ഉള്ളതുമായ രജിസ്റ്റർ ആണ് പരിപാലിക്കുന്നത്. ജീവനക്കാരുടെ PEN നമ്പർ,സ്ഥലംമാറ്റവിവരങ്ങൾ,വിരമിക്കൽ.അവ സാന വേതനപത്രിക നൽകിയതുസംബന്ധിച്ച വിവരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.മറ്റ് പരാമർശങ്ങൾ ഇല്ല.

### 5.കണ്ടിൻജന്റ് രജിസ്റ്റർ.

പരിശോധനാകാലയളവിലെ രണ്ട് രജിസ്റ്റർ പരിശോധനാവിധേയമാക്കി.2009-10 മുതൽ 2014-15 വരെയും,2015-16 മുതൽ പുതിയരജിസ്റ്ററും .2065-17 സാമ്പത്തികവർഷംവരെ ടി രജിസ്റ്റർ തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്.2017-18 വർഷം അശ്രദ്ധമായിട്ടാണ് രജിസ്റ്റർ കൈകാര്യം ചെയ്തിട്ടുള്ളത്.ഓരോ സാമ്പത്തികവർഷാവസാനവും മാറിയ തുക പദ്ധതി ക്രമത്തിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നതിനും,രജിസ്റ്റർ കൃത്യമായി പരിപാലിക്കു ന്നതിനും നിർദ്ദേശിക്കുന്നു.

**6.ഇൻകംബന്റ് രജിസ്റ്റർ.**

രജിസ്റ്റർ പരിപാലിക്കുന്നില്ല. ഇൻകംബന്റ് രജിസ്റ്റർ പരിപാലിച്ച് ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**7.ഹാജർ പുസ്തകം.**

എല്ലാ വിഭാഗം ജീവനക്കാരുടേയും( പ്രമോട്ടർമാർ ഉൾപ്പെടെ) അറ്റന്റൻസ് രജിസ്റ്റർ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്.

**8.ആസ്തി രജിസ്റ്റർ.**

ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല.വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയ സ്ഥലങ്ങളിൽ ചിലത് പലബ്ലോക്കുകളിലും ഉള്ളതായി അറിയുന്നു.കൂടാതെ നേഴ്സറി സ്കൂൾ,ഹോസ്റ്റലുകൾ,വകുപ്പിന്റെ ഫണ്ടുപയോഗിച്ചുനിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ,മറ്റ് നിർമ്മാണങ്ങൾ എന്നിവയും ഇവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളും സ്ഥാപനങ്ങളും വകുപ്പിന്റെ ഉടമസ്തതയിൽ ഉണ്ട്.ഇവ കണ്ടെത്തി രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ് .

**9.ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ**

KFC Vol. I –ART-63 പ്രകാരമുള്ള ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കാൻ നിർദ്ദേശമുണ്ട്.എന്നാൽ ഈഓഫീസിൽ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. ഓരോ കലണ്ടർ വർഷത്തിലും ലഭിക്കുന്ന ആഡിറ്റ് ഒബ്ജക്ഷൻ- ഇപ്രകാരം ഒരു രജിസ്റ്റർ പരിപാലിച്ച്-രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**10.SC പ്രമോട്ടേഴ്സിന്റെ വർക്ക്ഡയറി.**

സ.ഉ(അച്ചടി) 86/2010 തീയതി.28/07/2010 പ്രകാരം SC പ്രമോട്ടേഴ് വർക്ക്ഡയറി നിശ്ചിത മാതൃകയിൽ എഴുതിസൂക്ഷിക്കേണ്ടതാണ്. വർക്ക്ഡയറി വെള്ള പേപ്പറിൽ എഴുതിസൂക്ഷിക്കുന്ന രീതിമാറ്റി 200 പേജ് ബുക്കിൽ എഴുതി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു. മറ്റ് പരാമർശങ്ങൾ ഇല്ല.

**പൊതു അഭിപ്രായം**

മെച്ചപ്പെട്ട സ്ഥലസൗകര്യം ഇവിടെയുണ്ട്.ഓഫീസ് അന്തരീക്ഷം പൊതുവെ സമാധാനപരമായിതോന്നുന്നു.ബ്ലോക്ക്പഞ്ചായത്ത് ,ജനപ്രതിനിധികൾ,ഗുണഭോക്താക്കൾ എന്നിവരുമായി നല്ലബന്ധം പുലർത്തുന്നതായി കാണുന്നു.ഫയലുകൾ / രജിസ്റ്ററുകൾ എന്നിവയുടെ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.പൊതുവിൽ ഓഫീസ് പ്രവർത്തനം തൃപ്തികരമാണെന്ന് കാണുന്നു.

റിപ്പോർട്ട് അംഗീകാരത്തിന് സമർപ്പിക്കുന്നു.

05/12/2018

കെ.എസ്. സുദർശനൻ ആചാരി. സീനിയർ സൂപ്രണ്ട്

05/12/2018

കെ.കെ. പ്രസാദ്; സീനിയർ സൂപ്രണ്ട്